(സി) 91.94 ഏക്കർ സർക്കാർ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലേക്ക് കൈമാറാം ചെയ്യുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 104.62 ഏക്കർ സ്വകാര്യഭൂമി പൊന്നും വിലയ്ക്കെടുക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) നിർദ്ദിഷ്ട സർക്കാർ ഭൂമി വ്യാവസായിക മേഖലയ്ക്കായി മരവിപ്പിച്ചതായി അറിവില്ല. എന്നാൽ ഒരു ഏറിയ വ്യവസായ വകുപ്പിന്റെ അധീനതയിലാണെന്ന് അറിയുന്നു. ഏറ്റവും അനുയോജ്യമായ സ്ഥലമെന്ന നിലയ്ക്ക് കിട്ടാവുന്നിടത്തോളം ഭൂമി ലഭ്യമാക്കാൻ വ്യവസായ വകുപ്പുമായി ആലോചിക്കുന്നു.

(ഇ) 20-6-1986-ലെ ജി.ഒ. (എഫ്.എസ്.) 60/86 ഉ.വി.വ. പ്രകാരം കണ്ണൂർ ജില്ലയിലെ എൻജിനീയറിംഗ് കോളേജ് ആയൂർ വില്ലേജിൽപ്പെട്ട മങ്ങാട്ടുപറമ്പിൽ സ്ഥാപിക്കാനാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കൂടാതെ പനയത്താംപറമ്പിലെ സ്വകാര്യഭൂമി കണ്ണൂരിൽനിന്ന് 17 കിലോ മീറ്ററോളം കിഴക്കുമാറി സ്ഥിതി ചെയ്യുന്നതും എൻജിനീയറിംഗ് കോളേജ് സ്ഥാപിക്കാൻ അനുയോജ്യമല്ലാത്ത ഭൂപ്രകൃതിയോടു കൂടിയതുമാണ്.

വെൽഫയർ സ്കൂൾ അദ്ധ്യാപകർക്ക് ഗവൺമെന്റ് സ്കൂളിൽ പുനർനിയമനം

549. [750] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ വെൽഫയർ സ്കൂൾ സർവ്വീസ് കണക്കിലെടുത്ത് അദ്ധ്യാപകർക്ക് ഗവൺമെന്റ് സ്കൂളിൽ പുനർനിയമനം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് വർഷം ;

(സി) പുനർനിയമനത്തിന്റെ അടിസ്ഥാനത്തിൽ വെൽഫയർ സ്കൂൾ സർവ്വീസും ട്രെയിനിംഗ് കാലവും കണക്കാക്കി ഗ്രേഡും പെൻഷനും അനുവദിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര പേർക്ക് അനുവദിച്ചു ?

ഉത്തരം

(എ) ഹരിജൻ വെൽഫയർ സ്കൂളുകളിൽനിന്നും 29-3-1963-ന് പിരിച്ചുവിടുകയും 1963-65 കാലഘട്ടത്തിൽ ട്രെയിനിംഗ് പൂർത്തിയാക്കുകയും ചെയ്ത അദ്ധ്യാപകരെ വിദ്യാഭ്യാസ വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(ബി) 1966-ൽ.

(സി) പുനർനിയമനം ലഭിച്ച ഹരിജൻ വെൽഫയർ സ്കൂൾ അദ്ധ്യാപകരുടെ വെൽഫയർ സ്കൂൾ സർവ്വീസും ട്രെയിനിംഗ് കാലവും ഹയർ ഗ്രേഡിന് ചില നിബന്ധനകൾക്കു വിധേയമായി കണക്കാക്കുന്നുണ്ട്. വെൽഫയർ സ്കൂൾ സർവ്വീസ് പെൻഷന് കണക്കാക്കുന്നതാണ്.

(ഡി) കൃത്യമായി കണക്കു ശേഖരിച്ചു വരുന്നതേയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly